വിദ്യാലയം :- കെ ആർ നാരായണൻ ഗവൺമെന്റ് എൽ പി.സ്കൂൾ കുറിച്ചിത്താനം

വിലാസം :- കുറിച്ചിത്താനം

കുറിച്ചിത്താനം പി. ഒ.

കോട്ടയം 686634

പഞ്ചായത്ത്/ മുനിസിപ്പാലിറ്റി : മരങ്ങാട്ടുപിള്ളി പഞ്ചായത്ത്

വിദ്യാഭ്യാസ ഉപ ജില്ല :- കുറവിലങ്ങാട്

വിദ്യാഭ്യാസ ജില്ല : കടുത്തുരുത്തി

WPS Office

Edit with WPS Office

വിദ്യാലയ കാഴ്ചപ്പാട്

പരിസ്ഥിതി സൗഹൃദ പഠന മികവിലൂടെ

ഉയർന്ന ജീവിത ബോധത്തിലേക്ക്

WPS Office

Edit with WPS Office

# <u>ഉള്ളടക്കം</u>

ആമുഖം

ചരിത്രം

കാഴ്ചപ്പാട്

പൊതുലക്ഷ്യങ്ങൾ

സ്കൂൾതല പ്രവർത്തന കലണ്ടർ

ഉപസംഹാരം

WPS Office

കെ ആർ നാരായണൻ ഗവ. എൽ പി സ്കൂൾ കുറിച്ചിത്താനം

അക്കാദമിക മാസ്റ്റർ പ്ലാൻ

Edit with WPS Office

കുറിച്ചിത്താനം കെ ആർ നാരായണൻ ഗവൺമെന്റ് എൽപി സ്കൂളിൽ എത്തുന്ന മുഴുവൻ വിദ്യാർഥികളുടെയും സമഗ്രമായ അക്കാദമിക മികവ് മുന്നിൽ കണ്ടുകൊണ്ടാണ് ഞങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പൊതുവിദ്യാഭ്യാസം ഒരു ജനതയുടെ മുന്നിലുള്ള ആശ, അഭിലാഷം, ലക്ഷ്യം എന്നിവയുടെ സാക്ഷാത്കരമാണ് ലക്ഷ്യമിടുന്നത്. സമൂഹത്തിൽ എല്ലാവിധ കഴിവുകളുടെയും പൂർണ്ണത ഉണ്ടാവേണ്ടതുണ്ട്. സമൂഹത്തിന്റെ പുരോഗതിക്ക് ഏതെങ്കിലും ഒരു കഴിവിന്റെ വികാസം മാത്രം ഉണ്ടായാൽ പോരാ. എൻജിനീയർമാരും ഡോക്ടർമാരും മാത്രം ഉണ്ടായ ഒരു സമൂഹത്തിന് നിലനിൽപ്പുണ്ടാവില്ല. നല്ല കർഷകർ, നല്ല കൽപ്പണിക്കാരൻ നെയ്ത്തുകാരൻ.... തുടങ്ങിയ വൈവിധ്യങ്ങൾ ഉണ്ടായാൽ മാത്രമേ സമൂഹം പൂർണ്ണതയിൽ എത്തുകയുള്ളൂ.

ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ വിദ്യാലയം വൈഭവങ്ങളുടെ വൈവിധ്യങ്ങൾ നിറഞ്ഞതാണ് എന്ന ധാരണ ഉണ്ടായിരിക്കണം. ഈ വൈഭവങ്ങളുടെ വൈവിധ്യങ്ങളുടെ പൂർണതയായിരിക്കണം കുറിച്ചിത്താനം കെ. ആർ. നാരായണൻ ഗവ.

Edit with WPS Office

എൽ. പി. സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സ്കൂൾ എസ് ആർ ജി, എസ്എംസി, എം പി ടി എ, വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെസഹായം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ ഉണ്ട്.

## സ്കൂൾ ചരിത്രം

കെ. ആർ. നാരായണൻ ഗവ. എൽ. പി. സ്കൂൾ കുറിച്ചിത്താനം കോട്ടയം ജില്ലയിൽ ഉഴവൂർ ബ്ലോക്കിൽപ്പെട്ട മരങ്ങാട്ടുപിള്ളി പഞ്ചായത്തിലെ മൂന്നാം വാർഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1913 - ൽ പ്രവർത്തനം ആരംഭിച്ച ഈ സരസ്വതീ വിദ്യാലയം വർഷങ്ങളായി പഞ്ചായത്തിൽ ഏറ്റവും അധികം വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൈമറി സ്കൂൾ എന്ന ഖ്യാതി നിലനിർത്തുന്നു. തീർത്തും അവികസിതമായിരുന്ന കുറിച്ചിത്താനം ഗ്രാമത്തിൽ ഇങ്ങനെയൊരു വിദ്യാമന്ദിരം ആരംഭിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത് മഠം ശ്രീധരൻ നമ്പൂതിരിയാണ് . ഗവ. എൽ .പി. സ്കൂൾ എന്ന പേരിൽ തുടങ്ങിയ ഈ വിദ്യാലയത്തിൻറെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ . ശിവശങ്കരപ്പിള്ള സാർ ആയിരുന്നു. ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും രാജ്യത്തെ അത്യുന്നത പദവികൾഅലങ്കരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവരാണ് . മുൻ രാഷ്ട്രപതി ശ്രീ. കെ. ആർ . നാരായണൻ, കോഴിക്കോട് ശ്രീരാമകൃഷ്ണാശ്രമ മഠാധിപതി ആയിരുന്ന സ്വാമി സിദ്ധിനാഥാനന്ദ, തലശ്ശേരി രൂപതാധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ കോട്ടയം രൂപതയുടെ ഇപ്പോഴത്തെ ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് റിട്ടയേർഡ് എയർമാർഷൽ ശ്രീ. പി. മധുസൂദനൻ തുടങ്ങിയവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. 1977 -ൽ ശ്രീ . കെ. ആർ. നാരായണൻ ഇന്ത്യൻ രാഷ്ട്രപതിയായി ചുമതലയേറ്റ ശേഷം വിദ്യാലയത്തിൽ സന്ദർശനം നടത്തുകയുണ്ടായി. അദ്ദേഹത്തോടുള്ള

Edit with WPS Office

ആദര സൂചകമായി വിദ്യാലയത്തിന് 'കെ . ആർ . നാരായണൻ ഗവ. എൽ. പി. സ്കൂൾ ' എന്ന് പുനർ നാമകരണം ചെയ്തു. KARM MUMBI എന്നയാൾ ശ്രീ. കെ. ആർ. നാരായണനോടുള്ള സ്നേഹസൂചകമായി ലൈബ്രറി കെട്ടിടം പണികഴിപ്പിച്ചു തന്നു. ശ്രീ. കെ. ആർ. നാരായണൻ സ്കോളർഷിപ്പും ശ്രദ്ധേയമാണ്. 1 ,2 ,3 ,4 ക്ലാസുകളിലെ ഏറ്റവും സമർത്ഥരായ കുട്ടികൾക്ക് പ്രത്യേകം മത്സരപ്പരീക്ഷകൾ നടത്തി സ്കോളർഷിപ്പിന് അർഹരായവരെ കണ്ടെത്തുന്നു. ഏറ്റവും സമർത്ഥരായ ഒരു ആൺ കുട്ടി,ഒരു പെൺ കുട്ടി , പട്ടികജാതി വിഭാഗത്തിൽ നിന്ന് ഒരാൺകുട്ടി ഒരു പെൺകുട്ടി ,സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടി എന്നിങ്ങനെയാണ് മാനദണ്ഡം . പൂർവ്വ വിദ്യാർത്ഥിയും പൊതുപ്രവർത്തകനായ ശ്രീ. ഉഴവൂർ വിജയൻറെയും മോൻസ് ജോസഫ് എം . എൽ .എ.യുടെയും ശ്രമഫലമായി 2010-11 അദ്ധ്യായന വർഷത്തിൽ വിദ്യാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുകയും ഉദ്ഘാടനം ശ്രീ. കെ. എം. മാണി എം. എൽ. എ. നിർവ്വഹിക്കുകയും ചെയ്തു. അറിവിൻറെയും സംസ്കാരത്തിൻറെയും സാഹോദര്യത്തിൻറെയും അണയാത്ത പ്രകാശം ചൊരിയുവാൻ കഠിനാധ്വാനം ചെയ്ത പൂർവ്വികരുടെ സ്മരണകൾ ഈ സ്കൂളിന് പുതു ചൈതന്യം പകരട്ടെ.

Edit with WPS Office

നിലവിൽ ഈ വിദ്യാലയത്തിൽ 70 വിദ്യാർഥികളാണ് പഠനം നടത്തുന്നത്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിലയിരുത്തൽ പ്രകാരം മെച്ചപ്പെട്ട പഠനം പുലർത്തുന്നവരാണ് ഈ വിദ്യാലയത്തിലെ പഠിതാക്കൾ.

മുഖ്യലക്ഷ്യങ്ങൾ

1. മലയാളം

കുറിച്ചിത്താനം കെ. ആർ. നാരായണൻ ഗവ. എൽ. പി. സ്കൂളിലെ ഒന്നു മുതൽ നാലു വരെ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ക്ലാസ്സ്  നിലവാരം അനുസരിച്ച് മലയാളഭാഷയിൽ മിനിമം എന്ത് ശേഷിയാണോ ലഭിക്കേണ്ടത് അതിനെ മറികടന്ന് ഭാഷാപഠനത്തിലൂടെ സ്വതന്ത്ര വായന, സ്വതന്ത്ര രചന എന്നിവ നടത്തുവാൻ പ്രാപ്തരാക്കും.

2. ഓരോ കുട്ടിയുടെയും സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നു

3. ഇംഗ്ലീഷ്

ഓരോ ക്ലാസിന്റെ നിലവാരം അനുസരിച്ച് ഇംഗ്ലീഷ് ഭാഷയുടെ വിവിധ വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുവാൻ  പ്രാപ്തരാക്കുക.

ഇംഗ്ലീഷ് ഭാഷയിലൂടെ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി ഉറപ്പ് വരുത്തുക.

ഇംഗ്ലീഷ് കഥകളും കവിതകളും മറ്റു മാധ്യമങ്ങളും വായിച്ചും കേട്ടും ആസ്വദിക്കാൻ പ്രാപ്തരാക്കുക.

WPS Office

Edit with WPS Office

4. ഗണിതം

കുറിച്ചിത്താനം കെ ആർ നാരായണൻ ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് അവരുടെ ക്ലാസ് നിലവാരം അനുസരിച്ച് ലഭിക്കേണ്ട എല്ലാ പഠന നേട്ടങ്ങളും ഉറപ്പുവരുത്തുക.

ഗണിത പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യുന്നതിനും പ്രയോഗിക തലത്തിൽ അവ ഉപയോഗിക്കുന്നതിനും പ്രാപ്തരാക്കുക.

പുതിയ ഗണിത പ്രശ്നങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കുക.

5. പരിസര പഠനം

സ്വന്തം പരിസരത്തെ സൂക്ഷ്മമായി നിരീക്ഷിക്കാനും മനസ്സിലാക്കുവാനും പ്രാപ്തരാക്കുക.

സ്വന്തം പരിസരത്ത് നടക്കുന്ന പ്രകൃതി നശീകരണ പ്രവർത്തനങ്ങൾ മനസ്സിലാക്കി അവയെ നേരിടുവാൻ സജ്ജരാക്കുക.

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ പരീക്ഷണ നിരീക്ഷണങ്ങൾ സ്വയംചെയ്ത് നിഗമനത്തിൽ എത്തിക്കാനും അനുബന്ധ പരീക്ഷണങ്ങൾ രൂപീകരിക്കാനും പ്രാപ്തരാക്കുക.

6. മത്സര പരീക്ഷകൾ

വിവിധ മത്സരപരീക്ഷകൾ നേരിടാനുള്ള ആത്മധൈര്യവും ശേഷിയും വളർത്തിയെടുക്കുക.

നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും എൽഎസ്എസ് പരീക്ഷയിൽ പങ്കെടുപ്പിക്കാനും പരമാവധി പേർക്ക് എൽഎസ്എസ് നേടാനും പ്രാപ്തരാക്കുക.

യോഗ പരിശീലനം

- കുറിച്ചിത്താനം കെ ആർ നാരായണൻ ഗവൺമെന്റ് എൽ പി സ്കൂളിൽ യോഗ പരിശീലനം ആരംഭിച്ച ശാരീരിക മാനസിക ആരോഗ്യം ഉയർത്തുക.
- ഭിന്നശേഷി വിദ്യാർഥികളുടെ ശേഷി വികസനം ഉറപ്പുവരുത്തുക.

WPS Office
Edit with WPS Office

# സ്കൂൾതല പ്രവർത്തനങ്ങൾ

വായന

ലക്ഷ്യം

സ്വതന്ത്ര വായന മലർത്തിയെടുക്കുക സാംസ്കാരിക മൂല്യവും ജീവിത മൂല്യവുമുള്ള പൗരൻ ആക്കി വളർത്തുക

പ്രവർത്തനങ്ങൾ

ലൈബ്രറി ശാക്തീകരണം

- പുസ്തക ശേഖരണം
- പുസ്തകങ്ങൾ തരംതിരിക്കൽ
- അനുയോജ്യമായ രീതിയിൽ ക്രമീകരിക്കൽ
- പുസ്തക വിതരണം
- അമ്മ വായന
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- ആസ്വാദനക്കുറിപ്പ് പതിപ്പ് പ്രസിദ്ധീകരിക്കൽ
- എന്റെ വായന നല്ല വായന
- എന്റെ ഇഷ്ട കഥാപാത്രങ്ങൾ ( പതിപ്പ്)

WPS Office
Edit with WPS Office

## <u>ഇംഗ്ലീഷ്</u>

ലക്ഷ്യം : ഇംഗ്ലീഷിൽ സുഗമമായി ആശയവിനിമയശേഷി നേടുക

പ്രവർത്തനങ്ങൾ

- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ
- ഇംഗ്ലീഷ് രചന
- ഇംഗ്ലീഷ് വായന
- ഇംഗ്ലീഷ് അസംബ്ലി
- One Day English Day

WPS Office

## <u>ഗണിതം</u>

ലക്ഷ്യം

- ചതുഷ് ക്രിയകളിൽ നൈപുണ്യം
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് - എങ്ങനെ? പ്രവർത്തനം
- ഗണിത പ്രശ്നങ്ങൾ ആവിഷ്കരിക്കാൻ ഉള്ള കഴിവ് - എങ്ങനെ
- ഗണിത ലാബ്
- ഗണിതോപകരണ നിർമ്മാണ ക്യാമ്പ്
- ഗണിതം മധുരം ഗണിത കേളികൾ
- ഐ.സി.ടി., സാധ്യതയുടെ ഉപയോഗം

Edit with WPS Office

## <u>പരിസര പഠനം</u>

ലക്ഷ്യം: -

- തന്റെ പരിസരത്തെ അറിഞ്ഞ് താനൊരു സമൂഹത്തിന്റെ ഭാഗമാണെന്ന അവബോധം വളർത്തുക.
- പരീക്ഷണ നിരീക്ഷണങ്ങൾ സ്വയം ചെയ്യുക
- അനുബന്ധ പരീക്ഷണങ്ങൾ സംഘടിപ്പിക്കുക

പ്രവർത്തനങ്ങൾ

★ സ്കൂൾ സയൻസ് കോർണർ

★ പഠനയാത്രകൾ

★ ജൈവ വൈവിധ്യ പാർക്ക്

★ ലഘു പരീക്ഷണ ക്യാമ്പുകൾ

★ ശാസ്ത്രോപകരണ നിർമ്മാണശാല

## <u>കായിക -മാനസിക ആരോഗ്യം</u>

ലക്ഷ്യം: കായിക ക്ഷമത ഉയർത്തുക മാനസികാരോഗ്യം ആത്മവിശ്വാസം എന്നിവ വളർത്തുക

പ്രവർത്തനങ്ങൾ

- പ്രതിവാര  മാസ്സ് ഡ്രിൽ
- യോഗ പരിശീലനം

WPS Office
Edit with WPS Office

## മത്സര പരീക്ഷകൾ

ലക്ഷ്യം : - മത്സരപരീക്ഷകളെ നേരിടാനുള്ള ആത്മധൈര്യം ഉണ്ടാക്കിയെടുക്കുക

എൽഎസ്എസ് വിജയം നേടുക

പ്രവർത്തനങ്ങൾ

- ✔ എൽഎസ്എസ് കോച്ചിംഗ്
- ✔ ക്വിസ് പ്രോഗ്രാം
- ✔ ദിനാചരണങ്ങൾ
- ✔ മോഡൽ പരീക്ഷകൾ
- ✔ ക്ലാസ് തല പ്രവർത്തനങ്ങൾ

WPS Office

Edit with WPS Office

# സ്കൂൾ തല പ്രവർത്തന കലണ്ടർ

**മലയാളം**

പ്രവർത്തനങ്ങൾ

1. ലൈബ്രറി ശാക്തീകരണം
2. പുസ്തക ശേഖരണം - ഏപ്രിൽ
3. പുസ്തകങ്ങൾ തരംതിരിക്കൽ- മെയ്
4. അനുയോജ്യമായ രീതിയിൽ ക്രമീകരിക്കൽ- മെയ്, ജൂൺ
5. പുസ്തകവിതരണം- ജൂൺ രണ്ടാം വാരം മുതൽ
6. അമ്മ വായന - ജൂലൈ മുതൽ
7. ആസ്വാദനക്കുറിപ്പ് പ്രസിദ്ധീകരിക്കൽ- സെപ്റ്റംബർ
8. എന്റെ വായന നല്ല വായന - ആഗസറ്റ് മുതൽ
9. എന്റെ ഇഷ്ട കഥാപാത്രങ്ങൾ ( പതിപ്പ്)- മാർച്ച്

ഇംഗ്ലീഷ്

1. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ- ജൂൺ മുതൽ
2. ഇംഗ്ലീഷ് രചന - സെപ്റ്റംബർ
3. ഇംഗ്ലീഷ് വായന- ഡിസംബർ
4. ഇംഗ്ലീഷ് ലൈബ്രറി- ജൂൺ
5. ഇംഗ്ലീഷ് അസംബ്ലി- ജൂലൈ മുതൽ
6. One day English day - ജൂലൈ മുതൽ

**ഗണിതം**

WPS Office
Edit with WPS Office

1. ഗണിതോപകരണ നിർമ്മാണ ക്യാമ്പ്- മെയ്

2. ഗണിത ക്യാമ്പ്- സെപ്റ്റംബർ

3. ഗണിതം മധുരം ഗണിത കേളികൾ- ജൂൺ മുതൽ

4. ഐസിടി സാധ്യതയുടെ ഉപയോഗം- ജൂൺ മുതൽ

<u>പരിസര പഠനം</u>

1. സ്കൂൾ സയൻസ് കോർണർ- ജൂൺ

2. പഠനയാത്രകൾ- ജനുവരി

3. ജൈവവൈവിധ്യ പാർക്ക്- ജൂൺ മുതൽ

4. ലഘു പരീക്ഷണ ക്യാമ്പുകൾ- നവംബർ

5. ശാസ്ത്രോപകരണ നിർമ്മാണശാല- സെപ്റ്റംബർ

<u>കായിക -മാനസിക- ആരോഗ്യം</u>

പ്രതിവാരമാസ ഡ്രില്ല് - ജൂൺ മുതൽ

യോഗ പരിശീലനം - ജൂലൈ മുതൽ

<u>മത്സരപരീക്ഷകൾ</u>

1. എൽ എസ് എസ് കോച്ചിംഗ് - ജൂലൈ മുതൽ

2. ക്വിസ് പ്രോഗ്രാം - ജൂൺ മുതൽ

3.. ദിനാചരണങ്ങൾ- ജൂൺ മുതൽ

4. മോഡൽ പരീക്ഷകൾ- സെപ്റ്റംബർ മുതൽ

WPS Office

Edit with WPS Office

## ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാലയ പദ്ധതി വിജയകരമായി നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ  കുറിച്ചിത്താനം കെ ആർ നാരായണൻ ഗവൺമെന്റ് എൽ പി സ്കൂളിന്റെ പഠനമികവിന് വേണ്ടി തയ്യാറാക്കപ്പെട്ട ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമയ ബന്ധിതമായി തന്നെ നടപ്പാക്കണം. നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് ശരിയായ പരിശോധനയും ഉണ്ടാകണം.തീർച്ചയായും അത് ഉണ്ടാകും വരുന്ന ചില വർഷങ്ങൾ കൊണ്ട് പഠന മികവിലൂടെ കുറിച്ചിത്താനം കെ ആർ നാരായണൻ ഗവൺമെന്റ് എൽ പി സ്കൂൾ ഏറെ മുന്നിലാകും എന്ന കാര്യത്തിൽ സംശയമില്ല. അതിന് പര്യാപ്തമാണ് ഈ മാസ്റ്റർ പ്ലാൻ.

WPS Office

Edit with WPS Office